പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3081 — 13.7.2015-ലെ മറുപടിക്ക്

## തടവുകാരുടെ ചികിത്സ

**ചോദ്യം**

ശ്രീ.ഇ.ചന്ദ്രശേഖരൻ

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) തടവുകാരെ ചികിത്സിക്കുന്നതിനായി ആശുപത്രിയിൽ എത്തിക്കുന്നതിന് പോലീസ് അകമ്പടി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ)യും (ബി)യും : പോലീസ് അകമ്പടി ലഭിച്ചില്ലെങ്കിലും അടിയന്തിര ഘട്ടങ്ങളിൽ ജയിൽ ഉദ്യോഗസ്ഥരുടെ അകമ്പടിയോടെ ആശുപത്രികളിൽ തടവുകാരെ എത്തിക്കുന്നുണ്ട്. |
| ബി) എങ്കിൽ തടവുകാരെ ചികിത്സയ്ക്കായി എത്തിക്കുന്നതിന് പോലീസ് അകമ്പടി കൃത്യമായി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | |
| സി) ജയിലിന് സമീപത്തെ സർക്കാർ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ ആഴ്ചയിൽ രണ്ട് ദിവസം ജയിൽ സന്ദർശിച്ച് തടവുകാർക്ക് ആവശ്യമായ ചികിത്സ നൽകണമെന്ന ചട്ടം പാലിക്കപ്പെടുന്നുണ്ടോ; | (സി)യും (ഡി)യും : ജയിലുകളിൽ മെഡിക്കൽ ഓഫീസർമാർ ആഴ്ചയിൽ രണ്ട് പ്രാവശ്യം ജയിൽ സന്ദർശിച്ച് തടവുകാർക്ക് ചികിത്സ നൽകുന്നുണ്ടെങ്കിലും ചിലപ്പോൾ ആഴ്ചയിൽ ഒരു ദിവസവും മെഡിക്കൽ ഓഫീസർമാർ വരുന്ന സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. |
| ഡി) ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്ത ജയിലുകളിൽ സർക്കാർ ഡോക്ടർമാർ ആഴ്ചയിൽ രണ്ട് ദിവസം സന്ദർശനം നടത്തി തടവുകാർക്ക് ചികിത്സ നൽകണമെന്ന വ്യവസ്ഥ നടപ്പിലാക്കുന്നുണ്ടോ ? | |

സെക്ഷൻ ഓഫീസർ